പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4838** **04.07.2012-ൽ മറുപടിയ്ക്ക്**

**"തിരുവനന്തപുരം എൽ.പി.സ്കൂൾ അസിസ്റ്റന്റ് നിയമനം"**

| ചോദ്യം<br>ശ്രീ.ആർ.രാജേഷ് | ഉത്തരം<br>ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) തിരുവനന്തപുരം ജില്ലയിൽ എൽ.പി. സ്കൂൾ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്; പ്രസ്തുത ലിസ്റ്റിന്മേൽ നിയമന നിരോധനം നിലനിൽക്കുന്നുണ്ടോ ; | (എ) തിരുവനന്തപുരം ജില്ലയിൽ എൽ.പി.സ്കൂൾ അസിസ്റ്റന്റിന്റെ റാങ്ക് ലിസ്റ്റ് 22.03.2012-ൽ നിലവിൽ വന്നു. നിയമന നിരോധനം ഇല്ല. |
| (ബി) എത്ര റാങ്കുവരെ നിയമനം നടന്നു ; സ്കൂളുകളിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; മറ്റു ജില്ലകളിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടക്കുന്നുണ്ടോ ; | (ബി) 34 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി-യിൽ നിന്നും ഇതു സംബന്ധിച്ച ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ്. മറ്റു ജില്ലകളിലെ നിയമനം സംബന്ധിച്ച വിശദവിവരം (സി) പിരിവിനുള്ള മറുപടിയിൽ കൊടുക്കുന്നു. |
| (സി) 14 ജില്ലകളിലെയും ജില്ല തിരിച്ചുള്ള നിയമനം നടന്ന കണക്ക് ലഭ്യമാക്കുമോ; റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ ദിവസ വേതന അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) 14 ജില്ലകളിലേയും ജില്ല തിരിച്ചുള്ള നിയമനത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു:-<br>തിരുവനന്തപുരം -Nil<br>കൊല്ലം - 52<br>പത്തനംതിട്ട - 27<br>ആലപ്പുഴ - 39<br>കോട്ടയം - 8<br>ഇടുക്കി - 27<br>എറണാകുളം - 9<br>തൃശ്ശൂർ - Nil<br>പാലക്കാട് - 37<br>മലപ്പുറം - 259<br>കോഴിക്കോട് - 11<br>വയനാട് - Nil<br>കണ്ണൂർ - Nil<br>കാസറഗോഡ് - 17<br>പി.എസ്.സി.മുഖേനയുള്ള ഉദ്യോഗാർത്ഥികൾ ജോയിൻ ചെയ്യുന്നത് വരെ അദ്ധ്യയനം മുടങ്ങാതിരിക്കുവാൻ ദിവസവേതന അടിസ്ഥാനത്തിൽ അദ്ധ്യാപകരെ ചില സ്കൂളുകളിൽ നിയമിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) എങ്കിൽ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഡി) റാങ്ക് ലിസ്റ്റുകൾ നിലവിലുള്ള ജില്ലകളിൽ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**